ഗവ: ട്രൈബൽ എൽ.പി സ്കൂൾ ഇടമലക്കുടി

അക്കാദമിക മാസ്റ്റർ പ്ലാൻ - 2025

കേരളത്തിലെ ഏക ആദിവാസി ഗോത്ര പഞ്ചായത്ത് ആണ് ഇടമലക്കുടി. സാമൂഹിക, സാമ്പത്തിക സാംസ്കാരിക ഭാഷ, ഭൂമിശാസ്ത്രപരമായി, ധാരാളം വ്യത്യസ്ത കാര്യങ്ങൾ പഠിതാവിനുണ്ട്. 2001 ലെ സെൻസസ് പ്രകാരം ഇവിടുത്തെ ജനസംഖ്യ 2236 ആണ്. 106 കിലോമീറ്ററാണ് വിസ്തൃതി. പഞ്ചായത്തിന് 13 വാർഡുകളുണ്ട് മീൻകുത്തിക്കുടി, നെൽമണൽക്കുടി, മുതുകുന്നക്കുടി, കീഴ്പത്തംകുടി, ഷെഡ്ഡുകുടി, നൂറടിക്കുടി, ചൊക്കയാർകുടി, തേൻപാറകുടി, വടക്കേ ഇഡ്ഡലിപ്പാറ, തെക്കേ ഇഡ്ഡലിപ്പാറ, ആണ്ടവൻകുടി, സൊസൈറ്റിക്കുടി, അമ്പലപ്പാറക്കുടി. ഇതിൽ സ്കൂൾ സ്ഥിതി ചെയ്യുന്നത് സൊസൈറ്റിക്കുടിയിലാണ്. പഞ്ചായത്തിന്റെ ഭരണ സ്ഥലവും ഇതുതന്നെ

26 ഊരുകൾ ഉള്ള ഇടമലക്കുടിയിൽ കുട്ടികൾക്കായുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമാണ് ജി.എൽ.പി. സ്കൂൾ ഇടമലക്കുടി. ഒന്നുമുതൽ 4 വരെ പ്രവർത്തിച്ചിരുന്ന പ്രസ്തുത വിദ്യാലയം 2022 മുതൽ ഘടിഘടിയായി ഉയർത്താനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 5,6,7 ക്ലാസ്സുകളിലെ അധ്യാപക നിയമനം എസ്.എസ്.കെ സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കണമെന്ന് പറയുന്നുണ്ട് നിലവിൽ ഈ വിദ്യാലയത്തിൽ 67 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

വിദ്യാലയത്തിന്റെ പരിമിതികളും പ്രശ്നങ്ങളും

* ആധാർ ലഭ്യമല്ലാത്തതിനാൽ ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് കുട്ടികൾക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ വർഷങ്ങളായി ലഭിക്കുന്നില്ല.

* 2024ൽ അക്കാദമിക വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ആറു കുട്ടികൾ ആറാം പ്രവൃത്തിദിവസം ഉണ്ടായിരുന്നെങ്കിലും ആധാർ ഇല്ലാത്തതിനാൽ സമ്പൂർണ്ണയിൽ കുട്ടികളുടെ വിവരം അപ്ലോഡ് ചെയ്യാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഒന്നാം ക്ലാസ് അധ്യാപകന്റെ ഒരു പോസ്റ്റ് നഷ്ടപ്പെട്ടു.

* നിലവിൽ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ പഠിപ്പിക്കാൻ പ്രധാന അധ്യാപകൻ ഉൾപ്പെടെ 3 അധ്യാപകരാണ് സ്കൂളിലുള്ളത്.

* 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ നാലാം ക്ലാസ്സിനൊപ്പം ഇരുത്തിയാണ് പഠിപ്പിക്കുന്നത്. ഇത് അവരുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്.

* 2024, 2025 അക്കാദമിക വർഷത്തിൽ ഏഴാം ക്ലാസ് വരെയാണ് പ്രവർത്തിച്ചിരുന്നത്. SSK യുടെ ഭാഗമായി ഒരു പുതു വർഷം 3 വിദ്യാഭ്യാസ ഓഫീസർമാരെ നിയമിച്ചിരുന്നു. ഏഴാം ക്ലാസ്സ് തുടങ്ങിയ 2025-2026 അക്കാദമിക വർഷം SSK യുടെ ഭാഗമായി ഒരാളെയും നിയമിച്ചിട്ടില്ല.

* വിദ്യാലയത്തിനടുത്തുള്ള രണ്ട് ഉന്നതികളിൽ നിന്ന് കുട്ടികളെ ദിവസേന സ്കൂളിലെത്തിക്കാനും തിരിച്ച് വീട്ടിലെത്തിക്കാനുമായി രണ്ട് എസ്കോർട്ടിന്റെ സൗകര്യം നിലനിർത്തിയിരുന്നു എങ്കിലും ഈ അക്കാദമിക വർഷം ഈ നിയമനവും നടന്നിട്ടില്ല.

* അധ്യാപകർക്ക് തന്നെ സിച്ച് ജോലിചെയ്യാനുള്ള സൗകര്യം ലഭ്യമല്ല എന്നുകൊണ്ടുതന്നെ സ്വയം സന്നദ്ധതയറിയിച്ചുവരുന്ന അധ്യാപകർക്കും തിരിച്ചുപോകേണ്ടിവരുന്നു. രണ്ടാറിൽ നിന്നും സ്കൂളിലെത്താൻ 42 ൽ അധികം കിലോമീറ്റർ സഞ്ചരിക്കണം. വഴിയായാൽ ഇതിന് സൗകര്യവും ഇല്ല.

* നൂറടികോളനിയിൽ നിന്നും സ്കൂളിലേയ്ക്ക് ഒരുത്തവണ നടന്നുവരാൻ നാലുമൊട്ട് അഞ്ച് മണിക്കൂർ വരെ സമയമെടുക്കും. അതുകൊണ്ടുതന്നെ ഹോസ്റ്റലുകളിൽ കുട്ടികളെ താമസിപ്പിക്കുക അത്യാവശ്യമാണ്. ഹോസ്റ്റലുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു മുറി സൗകര്യം മാത്രമാണുള്ളത് അതുകൊണ്ട് കൂടുതൽ കുട്ടികളെ താമസിപ്പിക്കാൻ കഴിയുന്നില്ല. അതുതന്നെയുമല്ല സൗകര്യവും വളരെ പരിമിതമാണ്.

* വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളുടെ ആദിവാസി മേഖലകളിലെ ഒന്നാം ക്ലാസ് കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചിന്തുന നൽകുന്നതിനായി തൊട്ടർ ടീച്ചർമാരെ ട്രൈബൽ വകുപ്പ് നിയമിച്ചിട്ടുണ്ട്. ഇടലക്കുടി ട്രൈബൽ എൽ പി സ്കൂളിൽ നാലുവരെ ഇത്തരത്തിൽ ഒരു നിയമനവും നടന്നിട്ടില്ല.

നിർദ്ദേശങ്ങൾ

1 ആധാർ എൻറോൾമെൻറ് ക്യാമ്പിന് നടപടിയാക്കുക

2 സ്ഥിരാധ്യാപകരെ നിയമിക്കുക

3 അധ്യാപകർക്ക് മതിയായ താമസസൗകര്യം ഏർപ്പെടുത്തുക.

4 ഇടമലക്കുടിപോലെ എത്തിപ്പെടാൻ സാധിക്കാത്ത സ്കൂളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് പ്രത്യേക അലവൻസും ഇൻക്രിമെന്റും അനുവദിക്കുക.

5 ഹോസ്റ്റൽ സൗകര്യം നിലനിർത്തുക.

6 കുട്ടികൾക്ക് തുടർവൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

7 മെൻറർ ടീച്ചർമാരെ പോസ്റ്റ് ചെയ്യുക.

8 സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും രണ്ടേകാൽകോടി രൂപയുടെ മൂന്ന് വർഷങ്ങൾക്കു മുമ്പേ PWD യ്ക്ക് നൽകിയ സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയാക്കുക.

കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തും ഏകദേശം പാർശ്വവൽകൃത മേഖലയായ ഇടമലക്കുടി മെമ്പൽ എൽ പി സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ താങ്കളുടെയും സർക്കാരിൻറെയും പ്രത്യേക ശ്രദ്ധയും പരിഗണനയും പരിഹാരവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.